# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടി ഉത്തരവ്

സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വം/ഓഫീസ് കോമ്പൗണ്ടുകളിൽ രാഷ്ട്രീയ പാർട്ടികളുടെയും മത സാമുദായിക സംഘടനകളുടെയും കൊടിതോരണങ്ങൾ, ബോർഡുകൾ, പോസ്റ്ററുകൾ തുടങ്ങിയവ നിരോധിച്ചതു സംബന്ധിച്ച്

---

നടപടി ഉത്തരവ് നമ്പർ. Roc. 87/16/Est. 1 തിരുവനന്തപുരം, തീയതി 01/03/2017

---

പരാമർശം :

1. 30/03/2016 ലെ മേൽ നമ്പർ ഉത്തരവ്
2. ദേവസ്വം കമ്മീഷണറുടെ 01/03/2017 ലെ ആർ.ഒ.സി 15728/15/എൻ.എസ്-1 നമ്പർ റിപ്പോർട്ട്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ആസ്ഥാനത്തും, ബോർഡിന്റെ കീഴിലുള്ള എല്ലാ ക്ഷേത്രങ്ങളുടെയും ഓഫീസുകളുടെയും കോമ്പൗണ്ടിലും, പരിസരത്തും സർവ്വീസ് സംഘടകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, മത സാമുദായിക സംഘടകളുടെയും കൊടി തോരണങ്ങളും ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും നോട്ടീസുകളും സ്ഥാപിക്കുന്നതും പതിക്കുന്നതും നിരോധിച്ചും വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകിരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും പാരാമർശം 1 ആയി ബോർഡുത്തരവു പുറപ്പെടുവിച്ചിരുന്നു.

നെയ്യാറ്റിൻകര ഗ്രൂപ്പിൽപെട്ട വെള്ളായണി ദേവസ്വത്തിലെ 2017 ലെ കാളിയൂട്ടു മഹോത്സവത്തോടനുബന്ധിച്ച് ക്ഷേത്രപരിസരത്ത് കൊടി തോരണങ്ങൾ കെട്ടുന്നതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികൾ തമ്മിലുള്ള തർക്കം ഉടലെടുത്തതിനെതുടർന്നുണ്ടായ സംഭവവികാസങ്ങൾ സംബന്ധിച്ച് ദേവസ്വം കമ്മീഷണറുടെ പരാമർശം -2 റിപ്പോർട്ടു ലഭിച്ചു.

ബോർഡ് പരാമർശം 1 ആയി പുറപ്പെടുവിച്ചിരുന്ന ഉത്തരവ് ബന്ധപ്പെട്ടവർ നടപ്പിലാക്കാത്തതാണ് വെള്ളായണി ദേവസ്വത്തിൽ ഇപ്രകാരം അനിഷ്ട സംഭവങ്ങൾക്ക് ഇടയാക്കിയതെന്ന് ബോർഡു വിലയിരുത്തി.

ആകയാൽ പരാമർശം 1 ഉത്തരവിന് വിരുദ്ധമായി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെയും ഓഫീസുകളുടെയും കോമ്പൗണ്ടിലോ പരിസരത്തോ സർവ്വീസ് സംഘടനകളുടെയോ,, രാഷ്ട്രീയ പാർട്ടികളുടെയോ, മത സാമുദായിക സംഘടകളുടെയോ കൊടി തോരണങ്ങളും ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും നോട്ടീസുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയതു അടിയന്തിരത്തിൽ നീക്കംചെയ്യുന്നതിനും, മേലിൽ ടി പ്രകാരമുള്ള അവസ്ഥ ഉണ്ടാകാതിരിക്കാൻ യഥാസമയം എല്ലാ ഓഫീസ്/ദേവസ്വം മേധാവികളും പ്രത്യേകം ശ്രദ്ധ ചെലുത്തി നടപടി സ്വീകരിക്കേണ്ടതാണന്ന് വീണ്ടും ഉത്തരവാകുന്നു. ഇതിലേക്ക് പോലീസിന്റെയോ റവന്യൂ ഉദ്യോഗസ്ഥരുടെയോ സഹായം ആവശ്യമെങ്കിൽ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ദേവസ്വം/ആഫീസ് മേധാവികളെ

ചുമതലപ്പെടുത്തിയും, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരും, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും ദേവസ്വം കമ്മീഷണർക്കു റിപ്പോർട്ടു സമർപ്പിക്കുന്നതിനും, പ്രസ്തുത ഉത്തരവ് പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ഇക്കാര്യത്തിൽ മേലിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും വീണ്ടും ബോർഡുത്തരവാകുന്നു. ഉടൻ പരിശോധനക്കായി പരാമർശം 1 ന്റെ പകർപ്പും ഇതോടൊപ്പം ചേർക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

സെക്രട്ടറി

പകർപ്പ്

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനിയർ (ജനറൽ)
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
4. എല്ലാ ഓഫീസ് മേധാവികൾക്കും
5. ഫെയർ കോപ്പി
6. ഫയൽ ബുക്ക്
7. സെക്ഷൻ ഫയൽ

സ്വാമി ശരണം
# തിരുവിതാംകൂർ ദേവസ്വം ബോർഡ്
നന്തൻകോട് കവടിയാർ. പിഒ തിരുവനന്തപുരം 695003
ഫോൺ. 0471 2317983 ഫാക്സ് 0471 2310192 ഇ മെയിൽ. travancoredevaswom2011@gmail.com

തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്.
(സാന്നിദ്ധ്യം: വി.എസ്.ജയകുമാർ)

## സംഗ്രഹം

രാഷ്ട്രീയപാർട്ടികളുടെയും മത സാമുദായിക സംഘടനകളുടെയും കൊടി തോരണ ങ്ങൾബോർഡുകൾ, പോസ്റ്ററുകൾ തുടങ്ങിയവ ദേവസ്വം/ആഫീസ് കാമ്പൗണ്ടുകളിൽ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉത്തരവ് നമ്പർ ROC. 87/16/Est. 1 നന്തൻകോട് ൨൦·03-.2016

---

പരാമർശം:- 1) 02-03-2016 ലെ കോൺഫറൻസ്.

ദേവസ്വം ഭരണം മെച്ചപ്പെടുത്തുന്നതിനും റവന്യൂ വർദ്ധിപ്പിയ്ക്കുന്നതിനും മറ്റുമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് 02-03-2016 ൽ സുമംഗലി ആഡിറ്റോറിയത്തിൽ വിളിച്ചുചേർത്ത ഉദ്യോഗസ്ഥരുടെ മീറ്റിംഗിൽ മേൽ വിഷയം സംബന്ധിച്ച് ചർച്ച ചെയ്ത് ചുവടെ വിവരിയ്ക്കുന്ന തീരുമാനം കൈക്കൊണ്ടു.

## ഉത്തരവ്

ദേവസ്വം ബോർഡ് ആസ്ഥാനത്തും, ദേവസ്വം ബോർഡിന്റെ എല്ലാ ആഫീസുകളിലും, ക്ഷേത്രങ്ങളിലും അനുബന്ധ കോമ്പൗണ്ടിലും വസ്തുവകകളിലും സർവ്വീസ് സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും, മത സാമുദായിക സംഘടനകളുടേയും കൊടി തോരണങ്ങളും, ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും, നോട്ടീസുകളും സ്ഥാപിക്കുന്നത്/പതിക്കുന്നത് നിരോധിച്ചു. നിലവിലുള്ളവ ഉടൻ മാറ്റുന്നതിന് അതതു ഓഫീസ്/ദേവസ്വം മേധാവികളെ ചുമതലപ്പെടുത്തുന്നു. ദേവസ്വം ഹെഡ്ക്വാർട്ടേഴ്സ് കോമ്പൗണ്ടിലെ എല്ലാ കൊടി തോരണങ്ങളും, ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും, മാറ്റുന്നതിന് എക്സിക്യൂട്ടീവ് എൻജിനീയറെ (തിരുവനന്തപുരം) ചുമതലപ്പെടുത്തുന്നു. ഇതിലേക്ക് സംരക്ഷണം ആവശ്യമുള്ള പക്ഷം ആയത് നൽകുന്നതിന് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി) നെ ചുമതലപ്പെടുത്തുന്നു.

എല്ലാ ആഫീസ് മേധാവികളും ടി ഉത്തരവ് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ മേലിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

2631614

EDP